പത്ത് ശതമാനം ഹെവിസ് വേർതിരിച്ച് കഴിഞ്ഞാൽ ബാക്കിവരുന്ന 90 ശതമാനം മണൽ ഇവിടെത്തന്നെ തിരിച്ച് നിക്ഷേപിച്ച് നികത്തുവാൻ മതിയാകും. തീരപ്രദേശങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഖനനം നടത്തിയാൽ ഈ ഭാഗത്ത് നിലവിൽ അനുഭവപ്പെടുന്നതിനെക്കാൾ രൂക്ഷമായ കടലാക്രമണം ഉണ്ടാകുമെന്നുള്ള ആശങ്കയ്ക്ക് ശാസ്ത്രീയാടിസ്ഥാനമില്ല.

(ഇ) കായംകുളം കായൽ നഷ്ടപ്പെടുമെന്നുള്ള ആശങ്കയ്ക്ക് ശാസ്ത്രീയാടിസ്ഥാനമില്ല. സർക്കാരിന് ലഭിച്ചിട്ടുള്ള മൂന്ന് വിദഗ്ദ്ധ സമിതി റിപ്പോർട്ടുകളിലും ഇക്കാര്യം സൂചിപ്പിക്കുന്നില്ല.

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് പ്രദേശങ്ങളിലെ കരിമണൽ ഖനനം

137 [1313] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് പ്രദേശങ്ങളിലെ കരിമണൽ ഖനനം നടത്തുവാൻ കേന്ദ്ര ഖനന വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; സർക്കാരിന് ഇതു സംബന്ധിച്ച് ലഭിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ ഖനനം നടത്തുവാൻ ആർക്കാണ് അനുവാദം ലഭിച്ചത്; സംസ്ഥാന സർക്കാർ മുഖേനയാണോ അപേക്ഷ സർക്കാരിന് നൽകിയത്; എന്നാണ് അപേക്ഷ നൽകിയത്; വിശദാംശം വ്യക്തമാക്കാമോ;

(സി) ഖനനം നടത്തുവാൻ ഏതെല്ലാം വകുപ്പുകളുടെ അനുവാദമാണ് ലഭിക്കേണ്ടത്; അതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾക്ക് അപേക്ഷ നൽകിയിരുന്നു;

(ഡി) തൃക്കുന്നപ്പുഴ, പുറക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ ഒരുതരത്തിലുമുള്ള ഖനനം പാടില്ല എന്ന സാമൂഹ്യ, രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെയും, തദ്ദേശവാസികളുടെയും അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളിൽ ഖനനം നടത്താതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് പ്രദേശങ്ങളിൽ കരിമണൽ ഖനനം നടത്തുവാൻ കെ.ആർ.ഇ.എം.എൽ. എന്ന സംയുക്ത സംരംഭകൻ സമർപ്പിച്ച ചില അപേക്ഷകൾക്ക് കേന്ദ്ര സർക്കാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ., സംസ്ഥാന സർക്കാരിന്റെ കെ.എസ്.ഐ.ഡി.സി., ഐ.ഡി.ബി.ഐ. എന്നിവ സി.എം.ആർ.എൽ. ആലുവ എന്ന സ്വകാര്യ കമ്പനിയുമായി ചേർന്നുള്ള സംയുക്ത സംരംഭമായ കെ.ആർ.ഇ.എം.എൽ. എന്ന സ്ഥാപനത്തിനാണ് ഈ പ്രദേശത്ത് കരിമണൽ ഖനനത്തിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം ലഭിച്ചിട്ടുള്ളത്. ഇതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ മുഖേനയാണ് കേന്ദ്ര സർക്കാരിന് നൽകിയത്.

(സി) താഴെ പറയുന്ന കേന്ദ്രസംസ്ഥാന സ്ഥാപനങ്ങളിൽ നിന്നും ഖനന പാട്ടത്തിനുള്ള അനുമതിക്കായി വ്യത്യസ്ത സമ്മത പത്രങ്ങൾ അപേക്ഷകൻ വാങ്ങിക്കേണ്ടതുണ്ട്.

1. അറ്റോമിക് എനർജി ഡയറക്ടറേറ്റ് അംഗീകരിച്ച മൈൻ പ്ലാൻ.
2. കേന്ദ്രപരിസ്ഥിതി വനമന്ത്രാലയത്തിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതിക ആഘാതം സംബന്ധിച്ച ക്ലിയറൻസ്.
3. സി. ആർ. ഇസഡ്. അതോറിറ്റിയിൽ നിന്നുള്ള ക്ലിയറൻസ്.
4. അറ്റോമിക് എനർജി വകുപ്പിൽ നിന്നുള്ള ക്ലിയറൻസ്.
5. അറ്റോമിക് റെഗുലേറ്ററി ബോർഡിന്റെ അംഗീകാരം.
6. അറ്റോമിക് മിനറൽ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കേണ്ട അനുമതികൾ.
7. റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട എൻ.ഒ.സി.

(ഡി) ധാതുമണൽ ഖനനം സംബന്ധിച്ച് ജസ്റ്റിസ് കെ. ജോൺ മാത്യു ചെയർമാനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഈ പ്രശ്നത്തിൽ മുൻപ് പ്രതികരിച്ചിട്ടുള്ള രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക സംഘടനകളേയും മറ്റു വ്യക്തികളെയും വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഒരു ചർച്ചയ്ക്ക് വിളിച്ചിരുന്നു. പങ്കെടുത്തവർ ആരും ഖനനത്തിന് പ്രതികൂലമായ നിലപാട് പ്രസ്തുത ചർച്ചയിൽ ഉയർത്തിയില്ല. ഖനനത്തിന് അനുമതി നിഷേധിച്ചാൽ പ്രാദേശിക വികസനത്തിന് തടസ്സം സൃഷ്ടിക്കപ്പെടുമെന്നും അവിടെ താമസിക്കുന്ന സമൂഹത്തിന്റെ പുരോഗതിക്ക് വിഘാതമാകുമെന്നുമുള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണ് പൊതുവിൽ ഉയർന്നുവന്നത്. പരിസ്ഥിതിക്ക് ദൂഷ്യമുണ്ടാക്കാത്ത രീതിയിൽ, ഉപാധികളോടെ ഖനനം നടത്താമെന്നുള്ള പൊതു അഭിപ്രായം ചർച്ചയിൽ ഉണ്ടായി. കൂടാതെ വിദഗ്ദ്ധ ശാസ്ത്രജ്ഞൻമാർ ഉൾപ്പെട്ട മൂന്നു കമ്മിറ്റികളും ഇവിടെ ഉപാധികളോടെ കരിമണൽ ഖനനം നടത്താം എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി വിശകലനം ചെയ്ത് കണ്ടെത്തിയ കാര്യങ്ങളാണ് വിദഗ്ദ്ധ സമിതികളുടെ ശുപാർശയിലുള്ളത്. ശാസ്ത്രീയമായ മാനദണ്ഡങ്ങളും നിയമപരമായ നിലപാടും വിശദമായി പരിശോധിച്ചശേഷം സർക്കാർ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(ഇ) ശാസ്ത്രജ്ഞൻമാർ ഉൾപ്പെട്ട മൂന്നു കമ്മിറ്റികൾ വേണ്ടത്ര പഠനങ്ങൾക്ക് ശേഷം ഉപാധികളോടെ ഇവിടെ കരിമണൽ ഖനനം അനുവദിക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം സർക്കാർ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

വൈക്കം താലൂക്കിലെ കരമണൽ ഖനനം തടയാൻ നടപടി

138 [1314] *പ്രൊഫ. കെ. വി. തോമസ്:*

ശ്രീ. ബി. വിജയകുമാർ:

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *വർക്കല കഹാർ:*

„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കരമണൽ ഖനനം നടക്കുന്നുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത താലൂക്കിൽ ഭൂമിയിൽ അഗാധഗർത്തങ്ങൾ രൂപം കൊണ്ടിട്ടുണ്ടോ;

(സി) മണലെടുത്തശേഷം കുഴിമൂടണമെന്ന വ്യവസ്ഥയുണ്ടെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) മണലെടുപ്പുമൂലം കരയിൽ ഉണ്ടാകുന്ന ഗർത്തങ്ങൾ അപകടം ക്ഷണിച്ചുവരുത്തുമെന്നതിനാൽ കരയിൽ നിന്ന് മണലെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly